പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1930

13.06.2019-ൽ മറുപടിയ്ക്ക്

# സൈനികക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സൈനികക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) സൈനികക്ഷേമ വകുപ്പിൽ സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിൽ നിന്നും 29 പദ്ധതികളും, അമാൽഗമേറ്റഡ് ഫണ്ടിൽ നിന്നും 4 വിഭാഗത്തിലായി 12 പദ്ധതികളും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം എ, ബി** എന്നിങ്ങനെ ചേർത്തിട്ടുണ്ട്.<br><br>ഇതിനു പുറമേ സൈനികക്ഷേമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) വഴി വിമുക്തഭടന്മാരുടെ രജിസ്ട്രേഷൻ നടത്തി , ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ കേന്ദ്ര, സംസ്ഥാന, പൊതുമേഖലാ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി സംബന്ധമായ പ്രവർത്തികൾക്ക് |

| | |
|---|---|
| | വിമുക്തഭടന്മാരെ നിയോഗിച്ചു വരുന്നു.<br><br>കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ, വനിതാ കേന്ദ്രീകൃത പദ്ധതിയായ യൂണിഫോം ആന്റ് ഗാർമെന്റ്സ് മാനുഫാക്ചറിംഗ് പ്രോജക്ടും, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് രംഗങ്ങളിൽ പ്രാവീണ്യം നേടിയ വിമുക്തഭടന്മാരെ ഉപയോഗിച്ച് സോളാർ പാനൽ ഇൻസ്റ്റലേഷൻ പ്രോജക്ടും കെക്സ്കോൺ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ സൈനികക്ഷേമത്തിനായി ഉദ്ഘാടനം ചെയ്തു / നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) സൈനികക്ഷേമ വകുപ്പ് എല്ലാ ജില്ലകളിലും വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും വേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെക്സ്കോൺ വഴി തിരുവനന്തപുരം ജില്ലയിൽ വനിതാ കേന്ദ്രീകൃത പദ്ധതിയായ യൂണിഫോം ആന്റ് ഗാർമെന്റ്സ് മാനുഫാക്ചറിംഗ് പദ്ധതിയും സോളാർ പാനൽ ഇൻസ്റ്റലേഷൻ പദ്ധതിയും 2017 ൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) നിലവിൽ സംസ്ഥാനത്ത് എത്ര പേർ സൈനികക്ഷേമ പെൻഷൻ സ്വീകരിക്കുന്നുണ്ട് ; ജില്ല തിരിച്ചുള്ള | (സി) നിലവിൽ നിർദ്ധനരായ രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും പ്രതിമാസം |

| | |
|---|---|
| കണക്കുകൾ ലഭ്യമാക്കുമോ ? | 6000/- രൂപ വീതം ധനസഹായം നൽകുന്നുണ്ട്. 01.04.2019 ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 176 സേനാനികൾക്കും 1584 വിധവകൾക്കും പ്രസ്തുത ധനസഹായം ലഭിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം സി** ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം എ

## അമാൽഗമേറ്റഡ് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നു.

1. **സ്വയം തൊഴിൽ പദ്ധതികൾ**

(എ) ബാങ്ക് വായ്പയുള്ള പലിശ ഇളവ്

(ബി) സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം

2. **പുനരധിവാസ ഘടകങ്ങൾ**

(എ) വൊക്കേഷണൽ /പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് വിമുക്തഭടന്മാർക്കുള്ള ധനസഹായം

(ബി) ജില്ലാതല സെമിനാർ /ബോധവൽക്കരണ ക്ലാസ്സ്

(സി) ഐ.ടി.ഐ ട്രെയിനിംഗ് സ്റ്റൈപന്റ്

3. **ക്ഷേമ പദ്ധതികൾ**

(എ) വിമുക്തഭടന്മാരുടെ അനാഥരായ കുട്ടികൾക്കുള്ള ധനസഹായം

(ബി) അഗതിബത്ത

(സി) വൃദ്ധസദനങ്ങളിൽ കഴിയുന്ന വിമുക്തഭടന്മാർക്കും വിധവകൾക്കും ധനസഹായം

(ഡി) രോഗികളായ രണ്ടാം ലോകമഹായുദ്ധ സേനാനികൾക്ക് ചികിത്സാ സഹായം

4. **സ്റ്റൈപന്റ് / സ്കോളർഷിപ്പ്**

(എ) വിമുക്തഭടന്മാരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

(ബി) കഴക്കൂട്ടം സൈനിക് സ്കൂളിൽ പഠിക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്.

(സി) മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷക്കുള്ള പരിശീലനത്തിന് വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ധനസഹായം.

സെക്ഷൻ ഓഫീസർ

**അനുബന്ധം ബി**

## സ്റ്റേറ്റ് മിലിട്ടറി ബെനവോലന്റ് ഫണ്ടിൽ നിന്നും നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികൾ

### 1. അടിയന്തര സാമ്പത്തിക സഹായം

വിമുക്തഭടന്മാർക്കോ അവരുടെ ആശ്രിതർക്കോ പെട്ടെന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പ്രത്യേകമായി പരിഗണിച്ച് സാമ്പത്തിക സഹായം നൽകുന്നു. സ്റ്റേറ്റ് മിലിട്ടറി ബെനവോലന്റ് ഫണ്ടിൽ നിന്നുള്ള ടി സഹായം മുഖ്യമന്ത്രിയും, സൈനികക്ഷേമ വകുപ്പ് മേധാവിയും യഥാക്രമം 50,000/- രൂപ, 20,000/- രൂപ എന്നീ ക്രമത്തിൽ അനുവദിക്കുന്നു.

### 2. നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തിക സഹായം

നിർദ്ധനരായ വിമുക്തഭടന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 8,000/- രൂപ മുതൽ 10,000/- രൂപ വരെ അർഹതയ്ക്ക് വിധേയമായി സ്റ്റേറ്റ് മിലിട്ടറി ബെനവോലന്റ് ഫണ്ടിൽ നിന്നും നൽകുന്നു.

### 3. മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്

ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ച വിമുക്തഭടന്മാർക്ക്, ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി നൽകുന്ന വൈദ്യശുശ്രൂഷ ഗ്രാന്റ് ലഭ്യമല്ലാതാകുമ്പോൾ , സ്റ്റേറ്റ് മിലിട്ടറി ബെനവോലന്റ് ഫണ്ടിൽ നിന്നും മൂന്നു വർഷത്തെ തുടർ ശുശ്രൂഷയ്ക്കായി പ്രതിമാസം 1,500/- രൂപ ധനസഹായം.

### 4. ക്യാൻസർ രോഗ ശുശ്രൂഷയ്ക്ക് ഗ്രാന്റ്

ക്യാൻസർ രോഗികളായ വിമുക്തഭടന്മാർക്ക് / വിധവകൾക്ക് / വിമുക്തഭടന്മാരുടെ ഭാര്യമാർക്ക് പ്രതിമാസം 1500/- രൂപ വീതം ഒരു വർഷത്തേയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. പെൻഷനോ മറ്റു സമാന ആനുകൂല്യങ്ങളോ ലഭിക്കാത്തവർക്ക് പ്രതിമാസം 3,000/- രൂപ വീതം പരമാവധി 2 വർഷം വരെ സാമ്പത്തിക സഹായം നൽകുന്നു.

**5. അന്ധരായ വിമുക്തഭടന്മാർക്ക് / വിധവകൾക്ക് / ഭാര്യമാർക്ക് / അന്ധരായ മക്കൾക്കും പ്രതിമാസ സഹായം**

അന്ധരായ വിമുക്തഭടന്മാർക്ക് / വിധവകൾക്ക് / ഭാര്യമാർക്ക് / അന്ധരായ മക്കൾക്കും 1000/- രൂപ വീതം പ്രതിമാസ ധനസഹായം നൽകുന്നു. Non Pensioners ന് 3,000/- രൂപ പ്രതിമാസ സഹായം നൽകുന്നു.

**6. വിവാഹ ധനസഹായം**

വിമുക്തഭടന്റെ രണ്ട് പെൺമക്കൾക്കു വിവാഹത്തിന് 25,000/- രൂപ ഗ്രാന്റായി നൽകുന്നു. വാർഷിക വരുമാന പരിധി 5,00,000/- രൂപയിൽ താഴെയായിരിക്കണം.

**7. മരണാനന്തരം നൽകുന്ന എക്സ്ഗ്രേഷ്യാ ഗ്രാന്റ്**

വിമുക്തഭടൻ മരണമടഞ്ഞാൽ അടിയന്തര സാമ്പത്തിക സഹായമായി തൊട്ടടുത്ത ആശ്രിതർക്ക് (വിധവ /അവിവാഹിതയായ **മകൾ / മൈനറായ പുത്രൻ)** 10,000/- രൂപ ധനസഹായം നൽകി വരുന്നു.

**8. 10th / SSLC (എസ്.എസ്.എൽ.സി / സി.ബി.എസ്.ഇ / ഐ.സി.എസ്.ഇ) -യ്ക്ക് എല്ലാ വിഷയങ്ങൾക്കും A+ / A1 ഗ്രേഡ് കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ക്യാഷ് അവാർഡ്**

10th / SSLC (എസ്.എസ്.എൽ.സി / സി.ബി.എസ്.ഇ / ഐ.സി.എസ്.ഇ) -യ്ക്ക് എല്ലാ വിഷയങ്ങൾക്കും A+ /A1 ഗ്രേഡ് കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് 3,000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു.

**9. +2 / 12 – സ്റ്റേറ്റ്, സി.ബി.എസ്.ഇ /ഐ.സി.എസ്.ഇ യ്ക്ക് എല്ലാ വിഷയങ്ങൾക്കും A+ /A1 ഗ്രേഡ് കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ക്യാഷ് അവാർഡ്**

+2 /12 – സ്റ്റേറ്റ്, സി.ബി.എസ്.ഇ /ഐ.സി.എസ്.ഇ യ്ക്ക് എല്ലാ വിഷയങ്ങൾക്കും A+ /A1 ഗ്രേഡ് കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് 5,000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു.

**10. വിമുക്തഭടന്മാരുടെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് ധനസഹായം**

വിമുക്തഭടന്മാരുടെ 40 ശതമാനത്തിൽ കുറയാതെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 3,000/- രൂപ ധനസഹായം നൽകുന്നു. വാർഷിക വരുമാനപരിധി 5,00,000/- രൂപയിൽ താഴെ ആയിരിക്കണം.

**11. വീട് നന്നാക്കുവാൻ ഗ്രാന്റ്**

കുടുംബ വാർഷിക വരുമാനം 4,00,000/- രൂപയിൽ കുറവുള്ള വിമുക്തഭടന്മാർ / വിധവകൾ എന്നിവർക്ക് വീട് നന്നാക്കുവാൻ 40,000/- രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

**12. വിമുക്തഭടന്മാരുടെ മക്കൾക്ക് വിവിധ മത്സരപരീക്ഷകളിൽ പരിശീലനത്തിന് സാമ്പത്തിക സഹായം**

വിമുക്തഭടന്മാരുടെ മക്കൾക്ക് വിവിധ മത്സരപരീക്ഷകളായ SET , NET, JRF, ICWA, CA, Civil Service Exam തുടങ്ങിയ പരീക്ഷകളുടെ പരിശീലന ക്ലാസ്സുകൾ പൂർത്തിയാക്കുന്ന 4,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിമുക്തഭടന്മാരുടെ കുട്ടികൾക്ക് 20,000/- രൂപ (One time Grant ) നൽകുന്നു.

**13. സ്വയം തൊഴിൽ കണ്ടെത്തുവാൻ വിമുക്തഭടന്മാർക്ക് പരിശീലനം**

സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന വിമുക്തഭടന്മാർക്കും വിധവകൾക്കും ഓരോ ജില്ലയിലും തൊഴിലധിഷ്ഠിത പരിശീലനത്തിനായി സാമ്പത്തിക സഹായം.

**14. മത്സരപരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനുമുള്ള പരിശീലനത്തിന് ധനസഹായം**

മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനുമുള്ള പരിശീലനത്തിന് വിമുക്തഭടന്മാർക്കും / ആശ്രിതർക്കും യഥാർത്ഥ ഫീസ് തുകയോ / പരമാവധി 10,000/- രൂപയോ ധനസഹായം നൽകുന്നു.

## 15. പാരാപ്ലജിക് റീഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികൾക്ക് സാമ്പത്തിക സഹായം

പാരാപ്ലജിക് റീഹാബിലിറ്റേഷൻ സെന്റർ പൂനയിലെ അന്തേവാസികളായ വിമുക്തഭടന്മാർക്ക് പ്രതിമാസം 1000/- രൂപ ധനസഹായം നൽകി വരുന്നു. കൂടാതെ തൊട്ടടുത്ത ബന്ധുവിന് വിമുക്തഭടനെ സന്ദർശിക്കുന്നതിലേയ്ക്ക് വർഷത്തിൽ ഒരിക്കൽ സെക്കന്റ് ക്ലാസ് റെയിൽവേ ടിക്കറ്റ് നൽകി വരുന്നു.

## 16. ഓണാഘോഷത്തിന് ധനസഹായം

ക്ഷയരോഗ / കുഷ്ഠരോഗ സാനിട്ടോറിയങ്ങളിൽ കഴിയുന്ന വിമുക്തഭടന്മാർക്ക് ഓണം ആഘോഷിക്കുന്നതിനായി 2,000/- രൂപ ഒറ്റത്തവണ സാമ്പത്തിക സഹായം നൽകുന്നു.

## 17. ഡയാലിസിസിന് സാമ്പത്തിക സഹായം

ഡയാലിസിസിന് വിധേയരാകുന്ന വിമുക്തഭടന്മാർക്കും വിധവകൾക്കും ആശ്രിതർക്കും പ്രതി ഡയാലിസിസിന് 1000/- രൂപ വീതം നിബന്ധനകൾക്ക വിധേയമായി പരമാവധി 30,000/- രൂപ വരെ അനുവദിക്കുന്നു.

## 18. മെഡിക്കൽ റിലീഫ് ഗ്രാന്റ്

60 വയസ്സിന് മുകളിലുള്ളവരും, രോഗികളും പെൻഷന് അർഹതയില്ലാത്തവരും ECHS ൽ മെമ്പർ അല്ലാത്തവരും വരുമാനം 75,000/- രൂപയിൽ താഴെയുള്ളവരും ആയ വിമുക്തഭടന്മാർക്കും വിധവകൾക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 10,000/- രൂപ ഒറ്റത്തവണ ഗ്രാന്റ് നൽകുന്നു.

## 19. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം (Kidney, Liver, Knee) ധനസഹായം

അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം വിമുക്തഭടന് / വിധവക്ക് നിബന്ധനകളില്ലാതെ 3000/- രൂപ പ്രതിമാസം ഒരു വർഷത്തേയ്ക്ക് ധനസഹായം നൽകുന്നതാണ്.

## 20. സ്വയം തൊഴിലിനായി ധനസഹായം

വിധവകൾക്ക് സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്വയംതൊഴിൽ ചെയ്യുന്നതിന് നിബന്ധനകൾക്ക് വിധേയമായി 10,000/- രൂപ മുതൽ 25,000/-രൂപ വരെ നൽകുന്നതാണ്.

## 21. നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തിക സഹായം

നിർദ്ധനരായ വിമുക്തഭടന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ജില്ലാ മിലിട്ടറി ബെനവോലന്റ് ഫണ്ട് വഴി 6,000/- രൂപ മുതൽ 7,000/- രൂപ വരെ നൽകും.

## 22. അടിയന്തിര സാമ്പത്തിക സഹായം

വിമുക്തഭടന്മാർക്കോ അവരുടെ ആശ്രിതർക്കോ പെട്ടെന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പ്രത്യേകമായി പരിഗണിച്ച് സാമ്പത്തിക സഹായം നൽകുന്നു. ജില്ലാ സൈനിക ബോർഡ് തലത്തിൽ 10,000/- രൂപ, 5,000/- രൂപ എന്നീ ക്രമത്തിൽ ജില്ലാ കളക്ടർക്കും ജില്ലാ സൈനികക്ഷേമ ഓഫീസർക്കും നൽകാൻ അധികാരമുണ്ട്.

## 23. പോക്കറ്റ് മണി

ക്ഷയരോഗ / കുഷ്ഠരോഗ ആശുപത്രികളിൽ (Sanatoriums) കഴിയുന്ന വിമുക്തഭടന്മാരായ അന്തേവാസികൾക്ക് / വിമുക്തഭടന്മാരുടെ വിധവകൾക്ക് പ്രതിമാസം 2000/- രൂപ ധനസഹായം നൽകുന്നു. ഇവർക്ക് കൊതുകുവലയും സൗജന്യമായി നൽകുന്നു.

## 24. വിമുക്തഭടന്മാരുടെ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് ധനസഹായം

നിബന്ധനകൾക്ക് വിധേയമായി വിമുക്തഭടന്മാരുടെ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് 3000/- രൂപ പ്രതിമാസ സഹായം നൽകുന്നു. വാർഷിക വരുമാന പരിധി 5,00,000/- രൂപയിൽ താഴെ ആയിരിക്കണം.

## 25. തയ്യൽ മെഷീൻ വിതരണം

Tailor Trade- ലെ വിമുക്തഭടന്മാർക്കും, തയ്യൽ അറിയാവുന്ന വിധവകൾക്കും ഉപജീവനാർത്ഥം സൗജന്യമായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്നു. വാർഷിക വരുമാനം 1,50,000/- രൂപയിൽ താഴെ ആയിരിക്കണം.

## 26. എംബ്രോയിഡറി മെഷീൻ വിതരണം

വിമുക്തഭടന്മാർക്കും ഭാര്യമാർക്കും വിധവൾക്കും എംബ്രോയിഡറി മെഷീൻ നൽകി വരുന്നു. വാർഷിക വരുമാനം 1,50,000/- രൂപയിൽ കുറവായിരിക്കണം.

**27. വിമുക്തഭടന്മാർക്ക് കംപ്യൂട്ടർ പരിശീലനം**

വിമുക്തഭടന്മാർക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുന്നതിലേക്കായി ജില്ലാ തലത്തിൽ പരിശീലനം നൽകുന്നു.

**28. വിമുക്തഭടന്മാരുടെ / വിധവകളുടെ സ്വയം സഹായ സംഘങ്ങൾക്ക് തയ്യൽ മെഷീനും, എംബ്രോയിഡറി മെഷീനും**

അഞ്ചോ അതിലധികമോ തൊഴിൽ രഹിതരായ വിമുക്തഭടന്മാർ , അവരുടെ ഭാര്യമാർ, വിധവകൾ അംഗങ്ങളായുള്ള സ്വയം സഹായ സംഘങ്ങൾക്ക് മൂന്ന് തയ്യൽ മെഷീനും, രണ്ട് എംബ്രോയിഡറി മെഷീനും നിബന്ധനകൾക്ക് വിധേയമായി വിതരണം ചെയ്യുന്നു.

**29. AIDS രോഗികൾക്ക് സാമ്പത്തിക സഹായം**

എയിഡ്സ് രോഗികളായ വിമുക്തഭടന്മാർക്ക് /അവരുടെ ഭാര്യക്ക് / അവരുടെ വിധവകൾക്ക് അവരുടെ ആശ്രിതരായ മക്കൾക്ക് പ്രതിമാസം 1500/- രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം സി

# RAJYA SAINIK BOARD KERALA

## STRENGTH OF MFA RECIPIENTS 2ND WORLD WAR VETERANS AND WIDOWS DISTRICT WISE AS ON 01.04.2019.

| SL.NO. | ZILLA SAINIK WELFARE OFFICER | VETERANS | WIDOWS |
|---|---|---|---|
| 1 | Thiruvananthapuram | 34 | 198 |
| 2 | Kollam | 09 | 96 |
| 3 | Pathanamthitta | 15 | 52 |
| 4 | Alappuzha | 23 | 175 |
| 5 | Kottayam | 16 | 75 |
| 6 | Idukki | 03 | 21 |
| 7 | Ernakulam | 19 | 127 |
| 8 | Thrissur | 11 | 72 |
| 9 | Palakkad | 07 | 97 |
| 10 | Malappuram | 07 | 113 |
| 11 | Kozhikkode | 12 | 193 |
| 12 | Wayanad | 03 | 99 |
| 13 | Kannur | 16 | 245 |
| 14 | Kasargod | 01 | 21 |
| | **Total** | **176** | **1584** |

സെക്ഷൻ ഓഫീസർ